# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5308
# 01/07/2019 ലെ മറുപടിക്ക്

## ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് റോഡ് പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്ന റോഡ് പ്രവൃത്തികൾ ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡിപ്പോസിറ്റ് വർക്കായി ചെയ്യേണ്ട സാഹചര്യങ്ങളിൽ തദ്ദേശ വകുപ്പിൽ നിന്നും ഡിപ്പോസിറ്റ് ചെയ്യേണ്ട തുക തദ്ദേശ വകുപ്പ് ചീഫ് എൻജിനീയറുടെ ഓഫീസിൽ നിന്നും സമയബന്ധിതമായി ഡിപ്പോസിറ്റ് ചെയ്യാത്തതുമൂലം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാതെ പ്രയാസം നേരിടുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായ 4515-00-800-96 ശീർഷകത്തിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് നിലവിലുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകൾക്ക് എല്ലാം തന്നെ യഥാസമയം തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശപ്രകാരമുള്ള രേഖകൾ ഉള്ളടക്കം ചെയ്യാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകൾ ന്യൂനതകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്നതിലേയ്ക്കായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് തിരികെ നൽകുകയും ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് അലോട്ട്മെന്റ് നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. |
| (ബി) | ഭരണാനുമതി ലഭിച്ച ആസ്തിവികസന ഫണ്ട് പ്രവൃത്തികളുടെ തുക ബന്ധപ്പെട്ട നിർവഹണ ഏജൻസിക്ക് (വിശിഷ്യാ പൊതുമരാമത്ത് വകുപ്പിന്) തദ്ദേശ ഭരണ ചീഫ് എൻജിനീയറുടെ ആഫീസിൽ നിന്നും ഫണ്ട് ഇല്ല എന്ന കാരണം പറഞ്ഞ് സമയബന്ധിതമായി ഡിപ്പോസിറ്റ് ചെയ്യാതിരിക്കുന്ന സാഹചര്യം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ; വിവരിക്കുമോ? | |

സെക്ഷൻ ഓഫീസർ